പതിനാലാം കേരള നിയമസഭ

നാലാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 883 — 1/3/2017 ൽ മറുപടിക്ക്

# മൃഗാശുപത്രികൾ നവീകരിക്കുന്നതിന് പദ്ധതി

| ചോദ്യം | | മറുപടി |
| --- | --- | --- |
| ശ്രീ.ബി.സത്യൻ: | | അഡ്വ .കെ.രാജു (വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പ് മന്ത്രി). |
| എ) മൃഗാശുപത്രികൾ നവീകരിക്കുന്നതിന് പദ്ധതി നിലവിലുണ്ടോ എന്ന് വ്യക്തമാക്കുമോ; | എ) | മൃഗാശുപത്രി കെട്ടിടങ്ങളുടെ നിർമ്മാണ പ്രവർത്തനത്തിനും ഉപകരണങ്ങൾ വാങ്ങുന്നതിനുമുള്ള പദ്ധതി നിലവിലുണ്ട്. |
| ബി) ആറ്റിങ്ങൽ പട്ടണത്തിൽ പ്രവർത്തിക്കുന്ന മൃഗാശുപത്രി ജില്ലാ ആശുപത്രി നിലവാരത്തിലേക്ക് ഉയർത്താൻ നടപടി സ്വീകരിക്കുമോ; ആശുപത്രിയുടെ പ്രവർത്തനം 24 മണിക്കൂറാക്കി വർദ്ധിപ്പിക്കാൻ നടപടി കൈക്കൊള്ളുമോ; | ബി) | ഇതിനായി ഇപ്പോൾ പദ്ധതി നിലവിലില്ല. |
| സി) മുട്ട ഉല്പാദന വർദ്ധനവിനായി ഏതെല്ലാം ഏജൻസികൾ മുഖേന എന്തെല്ലാം പദ്ധതികൾ നിലവിലുണ്ട്; സന്നദ്ധരായ മുഴുവൻ പഞ്ചായത്തുകൾക്കും പദ്ധതി ലഭ്യമാക്കുമോ എന്ന് വ്യക്തമാക്കാമോ? | സി) | സംസ്ഥാന പൗൾട്രി വികസന കോർപ്പറേഷന്റെ ആഭിമുഖ്യത്തിൽ, മുട്ട ഉല്പാദനം വർദ്ധിപ്പിക്കുന്നത് ലക്ഷ്യമാക്കി ഇപ്പോൾ നടപ്പാക്കികൊണ്ടിരിക്കുന്ന പദ്ധതികളുടെ വിശദവിവരങ്ങൾ താഴെ ചേർക്കുന്നു. ഫണ്ടിന്റെ ലഭ്യതക്കനുസരിച്ച് സന്നദ്ധരായ എല്ലാ പഞ്ചായത്തുകൾക്കും കെപ്കോ പദ്ധതികൾ നടപ്പിലാക്കുന്ന കാര്യം പരിഗണിക്കുന്നതാണ്<br><br>1. കോഴിവളർത്തൽ ഗ്രാമങ്ങൾ പദ്ധതി<br>2. കെപ്കോ ആശ്രയ പദ്ധതി<br>3. റൂറൽ ബാക്ക് യാർഡ് പദ്ധതി<br>4. കെപ്കോ നഗരപ്രിയ പദ്ധതി<br>5. കുഞ്ഞുകൈകളിൽ കോഴിക്കുഞ്ഞ് പദ്ധതി<br>6. കോൾ നിലങ്ങളിലെ കോഴി വളർത്തൽ<br>7. പട്ടികജാതിക്കാർക്ക് വേണ്ടിയുള്ള കോഴി വളർത്തൽ പദ്ധതി<br><br>കൂടാതെ മൃഗസംരക്ഷണ വകുപ്പ് താഴെപ്പറയുന്ന പദ്ധതികൾ കൂടി നടപ്പിലാക്കി വരുന്നു. |

1. മൃഗസംരക്ഷണ വകുപ്പിന്റെ കീഴിലുള്ള ഫാമുകളിൽ വിരിയിച്ചെടുക്കുന്ന 25 ലക്ഷത്തോളം വരുന്ന കോഴികുഞ്ഞുങ്ങളെ വർഷം തോറും സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അംഗീകാരമുള്ള എഗ്ഗർ നഴ്സറികളിലൂടെ വളർത്തി 45-60 ദിവസം പ്രായത്തിൽ പിന്നാമ്പുറ കോഴിവളർത്തൽ പദ്ധതിയിലൂടെ സബ്സിഡിയോടെയും വകുപ്പിൽ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ മൃഗാശുപത്രികൾ വഴിയും അല്ലാതെയും വിതരണം ചെയ്തു വരുന്നു. സംസ്ഥാനത്തിലെ മുട്ടയുല്പാദനത്തിന് ഉണർവേകുന്ന പദ്ധതിയെന്ന രീതിയിൽ വളരെയധികം പ്രചാരം ഈ പദ്ധതിക്ക് സിദ്ധിച്ചിട്ടുണ്ട്. സ്കൂൾ വിദ്യാർത്ഥികൾക്കുള്ള ബാക്ക് യാർഡ് പൗൾട്രി പ്രൊഡക്ഷൻ പദ്ധതി പ്രകാരം 701 സ്കൂളുകളിൽ 50 വിദ്യാർത്ഥികൾക്കുവീതം 5 കോഴിക്കുഞ്ഞുങ്ങൾ, കോഴിത്തീറ്റ എന്നിവ വിതരണം ചെയ്യുന്നു. ഒരു യൂണിറ്റിന് 725/- രൂപ സബ്സിഡി നൽകുന്നു.

2. നഗര പ്രദേശങ്ങളിൽ മുട്ടയുല്പാദനം വർദ്ധിപ്പിക്കുന്നതിൽ SREP പദ്ധതിയിൽ 35 ലക്ഷം രൂപ ചെലവിൽ 700 യൂണിറ്റുകൾ ആരംഭിക്കുന്നു. 4 മുതൽ 5 വരെ കോഴികളും കോഴിക്കൂടും തീറ്റയും അടങ്ങുന്ന യൂണിറ്റ് 10000 രൂപ ചെലവും 5000 രൂപ സബ്സിഡിയും നൽകുന്നു.

3. താറാമുട്ടയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള 10 താറാവിൻ കുഞ്ഞുങ്ങൾ വീതമുള്ള 1608 യൂണിറ്റുകൾ വിതരണം ചെയ്യുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു. ആകെ ചെലവ് വരുന്ന 2700/- രൂപയ്ക്ക് 1200/-രൂപ സബ്സിഡി.

സെക്ഷൻ ഓഫീസർ